പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 354* 15.3.2018 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര മേഖലയിലെ പരിഷ്കാരങ്ങൾ

| ചോദ്യം<br>ശ്രീ.കെ. ബാബു<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ആന്റണി ജോൺ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്തിന്റെ വികസനത്തിൽ ഏറ്റവും വേഗത്തിൽ സാമ്പത്തിക വളർച്ച കൈവരിക്കാനാവുന്ന വിനോദ സഞ്ചാര മേഖലയിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | സംസ്ഥാനത്തിന്റെ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന ഒന്നാണ് വിനോദസഞ്ചാര രംഗമെന്ന നിലയിൽ അതീവ പ്രാധാന്യമാണ് സർക്കാർ ഈ മേഖലയ്ക്ക് നൽകുന്നത്. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനും, സഞ്ചാരികൾക്ക് പുതിയ അനുഭവങ്ങൾ നൽകുന്ന രീതിയിലുള്ള ടൂറിസം പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചുവരുന്നത്. വകുപ്പ് നേരിട്ടും, പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും സ്വകാര്യ സംരംഭകരിലൂടെയും ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. രാജ്യത്തിനകത്തും വിദേശത്തുമുള്ള ടൂറിസം ഫെയറുകളിലെ പങ്കാളിത്തവും മീറ്റുകളുടെ സംഘാടനവും മാർക്കറ്റിംഗ് ക്യാമ്പയിനുകളും സംസ്ഥാനത്തിന്റെ ടൂറിസം മേഖലയുടെ പ്രോത്സാഹനത്തിനായി വകുപ്പ് ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന " ഗ്രീൻ കാർപ്പറ്റ്" എന്ന പദ്ധതിയിൽ ഭിന്നശേഷിക്കാർക്കുകൂടി സൗകര്യപ്രദമായ രീതിയിൽ ടൂറിസം കേന്ദ്രങ്ങളിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത വിഭാവനം ചെയ്തിട്ടുണ്ട്. ബാരിയർ ഫ്രീ ടൂറിസം എന്ന പദ്ധതിക്ക് സർക്കാർ അനുമതി ലഭ്യമാക്കുകയും നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇവ ടൂറിസം മേഖലയിൽ കാതലായ പരിഷ്കാരങ്ങൾ ലക്ഷ്യമിട്ടുള്ളവയാണ്. പരിസ്ഥിതി സൗഹൃദമായ ടൂറിസം പദ്ധതികളാണ് നിലവിൽ നടത്തി വരുന്നത്. യുവ സഞ്ചാരികളെ |

| | | | |
|---|---|---|---|
| | | | ആകർഷിക്കുന്നതിനുള്ള സാഹസിക വിനോദ സഞ്ചാര പദ്ധതികൾ, സംസ്ഥാനത്തിന്റെ തനത് കലയും സംസ്കാരവും കൃഷിയും ഭക്ഷണ രീതിയും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്ന ഗ്രാമീണ മേഖലയ്ക്ക് ഊന്നൽ നൽകിയുള്ള ഉത്തരവാദിത്ത ടൂറിസം പദ്ധതി എന്നിവ ടൂറിസം മേഖലയിലെ കാലാനുസൃത പരിഷ്കാരങ്ങൾ ലക്ഷ്യമിട്ടുള്ളതാണ്.<br>സർക്കാരിന്റെ പുതിയ ടൂറിസം നയത്തിൽ, വിനോദസഞ്ചാര മേഖലയിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തി ഈ മേഖലയെ പരിപോഷിപ്പിക്കുന്നതിന് പ്രാധാന്യം നൽകിയിട്ടുള്ളതാണ്. ടൂറിസം മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനം, ടൂറിസം രംഗവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമം, കൂടുതൽ തൊഴിൽ സാദ്ധ്യത, പരിസ്ഥിതി സൗഹൃദ വികസനം, ഹോസ്പിറ്റാലിറ്റി, ഉത്തരവാദിത്ത ടൂറിസം എന്നിവയും ആധുനികവും നൂതനവുമായ മാർഗ്ഗങ്ങൾ ഉപയോഗപ്രദമാക്കിയുള്ള വിപണനം, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തൽ, നിലവിലുള്ളവയുടെ വികസനം, സാഹസിക വിനോദസഞ്ചാര പദ്ധതികൾ, യുവ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികൾ തുടങ്ങിയവയും പ്രാധാന്യം നൽകിയിട്ടുള്ളതാണ് പുതിയ ടൂറിസം നയം. പൊതു സ്വകാര്യ പങ്കാളിത്തവും, നിക്ഷേപവും പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യവും ഇതിൽ പരിഗണിക്കുന്നുണ്ട്. ടൂറിസം മേഖല കൂടുതൽ വൈവിധ്യവത്ക്കരിക്കുന്നതിനും ടൂറിസം നയം പ്രത്യേകം ഊന്നൽ നൽകുന്നു. |
| ബി) | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ മുൻകാല പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി) | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ അക്കൗണ്ടന്റ് ജനറലിന്റെ വാർഷിക ഓഡിറ്റിംഗ്, സ്വതന്ത്ര ഓഡിറ്റർമാർ മുഖേന അക്കൗണ്ടന്റ് ജനറൽ നടത്തുന്ന വരവ് ചെലവ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, ഇവയുടെ മേലുള്ള ധനകാര്യ സെക്രട്ടറിയുടെയും അക്കൗണ്ടന്റ് ജനറലിന്റെയും കമന്റുകൾ, അനന്തര നടപടികൾ മുതലായവ വാർഷികാടിസ്ഥാനത്തിൽ നടന്നുവരുന്നുണ്ട്. നിശ്ചിത ഇടവേളകളിൽ സർക്കാർ തലത്തിലും മന്ത്രിതലത്തിലും വിലയിരുത്തലുകളും നടത്താറുണ്ട്. ഇത് കൂടാതെ പ്രത്യേകമായി പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേഗത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം ഇടപെടലാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) | പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ അടിസ്ഥാന സൗകര്യ വികസന രംഗത്ത് പുതിയ കാൽ വയ്പുകൾക്കായി കേന്ദ്ര പദ്ധതിയായ "പ്രസാദ്" സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസന പദ്ധതി നടപ്പിലാക്കാനുള്ള ഏജൻസി ആയി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വേളിയിൽ സർക്കാർ ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് പുതിയ ടൂറിസം പദ്ധതികൾ (PP ഉൾപ്പെടെ) നടപ്പാക്കുന്നതിനുള്ള മേൽനോട്ടവും മറ്റു നടപടികളും കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനാണ്. തിരുവനന്തപുരത്തെ മടവൂർപ്പാറ ടൂറിസം പദ്ധതിയുടെ ഏകോപനവും മേൽ നോട്ടവും ഭാവി വികസനവും കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുണ്ട്. നോർത്ത് മലബാർ മേഖലയിൽ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ടൂറിസം നയത്തിൽ ടൂറിസവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസന പരിപാടികൾക്ക് രൂപരേഖ തയ്യാറാക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**